# M.J.S.S.A. വാർഷിക പരീക്ഷ 2021

## Plus Two

**Reg.No ..................        Marks-100**

**Signature .........................        Time 2.30 Hrs**

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.        1x15=15**

1. 'ശാബത് മനുഷ്യന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടതാണ്. മനുഷ്യൻ ശാബതിന് വേണ്ടിയല്ല' - ഈ വാക്യം ഏത് സുവിശേഷത്തിലേതാണ് ?
2. 'കർത്തൃ കരത്തിലെ വീശുമുറം' എന്നറിയപ്പെടുന്നതാര്
3. നിസ്സായിലെ മോർ ഗ്രീഗോറിയോസിന്റെ (ഗ്രിഗറി നിസ്സാ) മാതാവ് ?
4. 'മോശയുടെ ജീവിതം' എന്നത് ആരുടെ കൃതിയാണ് ?
5. 'നിങ്ങളുടെ വീടുകളെ സഭയാക്കുക' -ആരുടെ ആഹ്വാനം ആണിത് ?
6. ഭാര്യഭർത്തൃ ബന്ധത്തിന്റെ സ്വഭാവത്തെക്കുറിച്ച് വിശദമാക്കുന്ന പുതിയനിയമ ലേഖനം ?
7. 'ജനാധിപത്യത്തിന്റെ നാലാം തൂണ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നത് എന്താണ് ?
8. 'വസ്തുതകൾ പാവനമാണ്, അഭിപ്രായം സ്വതന്ത്രവും' - ആരുടെ വാക്കുകളാണിത് ?
9. ആരെപ്പറ്റി ഉൾക്കാഴ്ചയോടെ വിവരിച്ചതിനാലാണ് മോർ അപ്രേം, മരിയൻ വേദപാരംഗതൻ എന്നു വിളിക്കപ്പെട്ടത് ?
10. അഗ്നിയിൽ സ്പുടം ചെയ്ത ഇളം ചൂടുള്ള ആഹാരം ഏതിന്റെ പ്രതീകമാണ് ?
11. 'ഞാൻ ആകുന്നു' എന്ന് യേശുക്രിസ്തു ഏഴു തവണ പറയുന്നതായി രേഖപ്പെടുത്തിയിട്ടുള്ള സുവിശേഷം ?
12. മഹാനായ ബേസിലിന്റെ വീക്ഷണത്തിൽ, ഏറ്റവും ദയനീയമായ കെടുതി എന്താണ്?
13. സുവിശേഷകനായ മത്തായി ശ്ലീഹയുടെ മറ്റൊരു പേര് ?
14. ദൈവവും മനുഷ്യനും തമ്മിലുള്ള സംവേദനത്തിന്റെ ചരിത്രം ?
15. സഭയാകുന്ന പറുദീസായിലെ നവഫലം

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.        2x15 = 30**

16. 'ക്വല്ലേ (Quelle) എന്നാൽ എന്ത് ?
17. വ്യാജ സുവിശേഷങ്ങൾ ( pseudo-gospels ) എന്നാൽ എന്ത് ?
18. ഡിഡാക്കെ പോലെ തന്നെ പ്രവാചകന്മാർക്ക് പ്രാധാന്യം കൊടുക്കുന്ന കൃതികൾ ?
19. പാഷാണ്ഡന്മാരെ, സാത്താന്റെ ശിഷ്യന്മാരെന്ന് വി. അപ്രേം വിളിക്കുന്നതിന്റെ കാരണം ?
20. ക്രൈസ്തവ വിവാഹത്തെ 'ഒരു വലിയ രഹസ്യം' എന്ന് വി.പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് ?

*മറുപുറം*



21. വിശുദ്ധരുടെ കുടുംബമായിരുന്നു വി.ബേസിലിന്റേത് എന്നു പറയുന്നതിന്റെ കാരണം ?
22. ഹവ്വായേയും വി.മറിയാമിനേയും, മോർ അപ്രേം താരതമ്യപ്പെടുത്തുന്നതെങ്ങനെ ?
23. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് നിസായിലെ മോർ ഗ്രീഗോറിയോസിന്റെ ദാർശനിക അപഗ്രഥനം ?
24. ദൈവ മേഖലയിലേയ്ക്ക് എത്തിച്ചേരാൻ മനുഷ്യനെ സഹായിക്കുന്നതായി, മോർ അപ്രേം ആവർത്തിച്ചു പറയുന്ന മൂന്നു കാര്യങ്ങൾ ?
25. ഏവൻഗേലിയോൻ എന്നാൽ എന്ത് ?
26. സമവീക്ഷണ സുവിശേഷങ്ങൾ ഏവ ? അവ എന്തുകൊണ്ടാണ് അപ്രകാരം വിളിക്കപ്പെടുന്നത് ?
27. ഒരു വിശ്വാസിയുടെ അനുതാപവും നോമ്പാചരണവും തമ്മിലുള്ള ബന്ധം?
28. വി. മത്തായിശ്ലീഹായുടെ സുവിശേഷത്തിന്റെ അഞ്ചു ഭാഗങ്ങൾ ഏവ?
29. "നിങ്ങൾ ഭൂമിയിൽ ആരേയും പിതാവെന്ന് വിളിക്കരുത്. ഒരുവനത്രെ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥനായ പിതാവ് തന്നെ" - വിശദമാക്കുക?
30. യരുശലേമിൽ സ്ഥാപിതമായ സഭയുടെ പ്രവർത്തന കേന്ദ്രം, അന്ത്യോഖ്യ ആയിത്തീർന്നതെങ്ങനെ ?

**ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.        5x3 = 15**

31. 'സഭാ പിതാക്കന്മാർ' എന്ന നിഷ്കൃഷ്ടമായ സൂചനയിൽ ഉൾപ്പെടുന്നവരെ സംബന്ധിച്ച നാലു മാനദണ്ഡങ്ങൾ ഏവ ?
32. എല്ലാ സമൂഹങ്ങളും സംസ്ക്കാരങ്ങളും അംഗീകരിക്കുന്നത് 'ഒരു ഭർത്താവിന് ഒരു ഭാര്യ' എന്ന ധാർമ്മികതയാണ് - വ്യക്തമാക്കുക.
33. മോർ അപ്രേം, തന്റെ കൃതികളിൽ ഉപയോഗിച്ചിട്ടുള്ള വിവിധ ഭാഷാരൂപങ്ങൾ വിശദമാക്കുക.

**നാലു പേജിൽ കുറയാതെ ഉപന്യസിക്കുക.        12x1 = 12**

34. സത്യവിശ്വാസത്തിന്റെ ഏറ്റവും സമർത്ഥനായ പോരാളിയായിരുന്നു മഹാനായ മോർ അത്താനാസിയോസ്

**അല്ലെങ്കിൽ**

മഹാനായ മോർ ബേസിലിന്റെ സാമൂഹ്യപ്രവർത്തനങ്ങൾ

**12x1 = 12**

35. സുറിയാനി സഭയുടെ സവിശേഷതകൾ ?

**അല്ലെങ്കിൽ**

മാദ്ധ്യമങ്ങളുടെ ദുഃസ്വാധീനം (nagative influence) വ്യക്തമാക്കുക.

**ഗീതം പൂരിക്കുക.        6x1 = 6**

36. മഹിമയോടാക്കബറീന്നു........
.........................മൺമയരെയും

**പ്രാർത്ഥന പൂർത്തിയാക്കുക.        10x1 = 10**

37. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ ...............സ്തുതിച്ചു പുകഴ്ത്തുമാറാകണമെ.ആമ്മീൻ